(ബി) ഇപ്പോൾ പണി നടന്നുകൊണ്ടിരിക്കുന്ന റോഡുകളും പാലങ്ങളും ഏതെല്ലാം;

(സി) നബാർഡിൽ നിന്നും കൂടുതൽ സഹായം ലഭ്യമാക്കി പാലങ്ങളും റോഡുകളും നിർമ്മിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ) 167 പാലങ്ങളുടെയും 65 റോഡുകളുടെയും പണി തീർന്നിട്ടുണ്ട്. അവയുടെ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ബി) ഇപ്പോൾ പണി നടന്നുകൊണ്ടിരിക്കുന്ന റോഡുകളുടെയും പാലങ്ങളുടെയും പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(സി) 123 പാലങ്ങളുടെയും 160 റോഡുകളുടെയും പണികൾക്കായി 711.18 കോടി രൂപയുടെ പ്രോജക്ട് റിപ്പോർട്ട് 2004-05 സാമ്പത്തിക വർഷം നബാർഡിന് സമർപ്പിച്ചിട്ടുണ്ട്.

ഉള്ളൂർ-ആക്കുളം റോഡ് വികസനം

62 [644] *ശ്രീ കെ. മോഹൻകുമാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിലെ ഉള്ളൂർ-ആക്കുളം-കുഴിവിള റോഡിന്റെ വികസന പ്രവർത്തികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) ഇപ്പോൾ നടന്നു വരുന്ന പ്രവർത്തി ആരംഭിച്ചതെന്നാണെന്നും കരാർ വ്യവസ്ഥകൾ പ്രകാരം പൂർത്തിയാക്കേണ്ടിയിരുന്നതെന്നാണെന്നും വ്യക്തമാക്കാമോ;

(സി) ഈ പ്രവർത്തിയുടെ കാലപരിധി ദീർഘിപ്പിച്ചു നൽകിയിട്ടുണ്ടോ; എങ്കിൽ പുതുക്കിയ തീയതി പ്രകാരം പണി പൂർത്തിയാക്കേണ്ടത് എന്നായിരുന്നു;

(ഡി) ഉള്ളൂർ-ആക്കുളം റോഡിലൂടെ വാഹന ഗതാഗതം പൂർവ്വ സ്ഥിതിയിലാക്കാൻ എന്നത്തേക്ക് കഴിയുമെന്ന് അറിയിക്കാമോ;

(ഇ) ഉള്ളൂർ-ആക്കുളം-കുഴിവിള റോഡിലെ നിർമ്മാണ പ്രവർത്തനം സമയബന്ധിതമായി പൂർത്തിയാക്കാൻ ഉചിത നടപടികൾ കൈക്കൊള്ളുമോ;

(എഫ്) ഈ റോഡിലെ ഇതരഭാഗങ്ങളുടെ വികസന പ്രവർത്തനങ്ങൾ കൂടി യും വേഗം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പ്രസ്തുത റോഡിന്റെ ഒന്നാമത്തെ റീച്ചിന്റെ മെറ്റലിംഗ് പണി ഭാഗികമായി പൂർത്തീകരിച്ചു. ഓടയുടെ നിർമ്മാണം 75 ശതമാനത്തോളം പൂർത്തിയായിട്ടുണ്ട്.

(ബി) പ്രസ്തുത പണി 23-5-2002-ൽ ആരംഭിക്കുകയും 22-5-2003-ൽ പൂർത്തീകരിക്കേണ്ടതുമായിരുന്നു.

(സി) കാലാവധി ദീർഘിപ്പിച്ചിട്ടുണ്ട്. പുതുക്കിയ തീയതി പ്രകാരം 31-12-2004-ൽ പണി പൂർത്തിയാക്കേണ്ടതായിരുന്നു;

(ഡി) കാലാവസ്ഥ അനുകൂലമായി ഇരിക്കുകയാണെങ്കിൽ ടാറിംഗ് പണി പൂർത്തീകരിച്ച് ആഗസ്റ്റ് മാസത്തോടെ വാഹന ഗതാഗതത്തിന് തുറന്നു കൊടുക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ഇ) സമയബന്ധിതമായി പണി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(എഫ്) നടപടികൾ സ്വീകരിച്ചുവരുന്നു.

നേതാജി നഗർ കൃാമ്പസ് റോഡിന്റെ വർക്ക്

63 [645] *ശ്രീ. പി. കെ. കെ. ബാവ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ലാ കോളേജ് ജംഗ്ഷനിലുള്ള നേതാജി നഗർ പി. ഡബ്ല്യു. ഡി. ഗവൺമെന്റ് ക്വാർട്ടേഴ്സ് നമ്പർ ഡി. 1 മുതൽ ഡി. 4 വരെയും സി. 13 മുതൽ സി. 18 വരെയുള്ള കെട്ടിടങ്ങളുടെ മുന്നിലുള്ള കാമ്പസ് റോഡിന്റെ വർക്ക് ടെന്റർ ചെയ്തുവോ; എങ്കിൽ എന്നാണ് ടെന്റർ ചെയ്തത്; ആർക്കാണ് ടെന്റർ നൽകിയിട്ടുള്ളത്; പ്രസ്തുത റോഡിന്റെ പണി ആരംഭിച്ചുവോ;

(ബി) നേതാജി നഗറിൽ കഴിഞ്ഞ ഒരു വർഷക്കാലയളവിൽ എന്തെല്ലാം മരാമത്ത് പണികളാണ് നടത്തിയിട്ടുള്ളത്;

(സി) ടെന്റർ ചെയ്തിട്ടും കാമ്പസ് റോഡിന്റെ പണി നടത്താത്തതിന്റെ കാരണം വിശദമാക്കാമോ;

(ഡി) പ്രസ്തുത റോഡിന്റെ പണി എന്നേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത ക്വാർട്ടേഴ്സ് നിവാസികളുടെ ബുദ്ധിമുട്ടുകൾ പരിഗണിച്ച് കാമ്പസ് റോഡിന്റെ പണി എത്രയും വേഗം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly